# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:5029** 27/06/2019- **ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സഹായത്തിന് ഓൺലൈൻ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിന് ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിന് അടുത്ത കാലത്തായി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദീകരിക്കുമോ ; | (എ), | നിലവിൽ ഒരു ബുദ്ധിമുട്ടും അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകർക്കില്ല. |
| (ബി) | അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ടോ, വിശദീകരിക്കുമോ ; | (ബി) | ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് കഴിയുന്നത്ര വേഗത്തിൽ ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്. അനുവദിക്കുന്ന തുക Direct Beneficiary Transfer (DBT) സംവിധാനം വഴി അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കുന്നുണ്ട്. |
| (സി) | ഈ പദ്ധതിക്കുവേണ്ടി പുതിയ സോഫ്റ്റ് വെയർ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയതിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ? | (സി) | ഉണ്ട്.JAVA PLATFORM- ലേക്ക് SOFTWARE സംവിധാനം മാറിയതിനാൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തന നിർവഹണം സാധ്യമാകും |

സെക്ഷൻ ഓഫീസർ